**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2338** **21-06-2024 - ൽ മറുപടിയ്ക്ക്**

**ഹരിതകർമ്മ സേനയുടെ യൂസർ ഫീ പിരിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യശേഖരണ കേന്ദ്രങ്ങളിൽ മാലിന്യങ്ങൾ ഉണഭോക്താക്കൾ കൊണ്ടുചെന്ന് എത്തിച്ചാൽ പോലും മാലിന്യശേഖരണം നടത്താതെ വീടുകളിൽ നിന്നും നിർബന്ധിത പിരിവ് നടത്താൻ ഹരിതകർമ്മ സേനയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ വന്ന സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, റൂൾ 4 പ്രകാരം മാലിന്യം ഉൽപ്പാദിപ്പിക്കുന്നവർ യൂസർഫീ നൽകേണ്ടതുണ്ട്. കേരളാ മുനിസിപ്പാലിറ്റി ആക്റ്റ് (326 D), കേരളാ പഞ്ചായത്തി രാജ് ആക്റ്റ് (219 AD) ഭേദഗതി നിയമ പ്രകാരം യൂസർഫീ അടവാക്കുന്നതിനും ആയതിൽ വീഴ്ച വരുത്തുന്നവർക്ക് വസ്തു നികുതിയോടൊപ്പം കുടിശിക തുക നിയമ പ്രകാരം ഈടാക്കുന്നതിനും നിഷ്കർഷിക്കുന്നു. ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനു സർക്കാർ വികേന്ദ്രീകൃത മാലിന്യ സംസ്കരണം നടപ്പിൽ വരുത്തിയിട്ടുണ്ട്. ആയതിനു സബ്സിഡിയോടെ ജൈവ മാലിന്യ ഉപാധികൾ തദ്ദേശ സ്ഥാപങ്ങൾ നൽകി വരുന്നു. അജൈവ മാലിന്യം വീടുകളിൽ നിന്നും ശേഖരിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. ആയതിനു യൂസർഫീ നൽകേണ്ടതുണ്ട്.<br><br>12.08.2020-ലെ സ.ഉ.(സാധാ)നം.1496/2020/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം വീടുകളിൽ നിന്നും അജൈവ മാലിന്യം വാതിൽപ്പടി ശേഖരണം നടത്തുന്നതിന് ഗ്രാമ പ്രദേശങ്ങളിൽ 50/- രൂപ വീതവും നഗര പ്രദേശങ്ങളിൽ 70/- രൂപ വിതവും യൂസർ ഫീ പരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത ഉത്തരവ് പ്രകാരം സ്ഥാപനങ്ങളിൽ നിന്ന് അജൈവ മാലിന്യം ശേഖരിക്കുന്നതിന് 100/- രൂപ വീതം യൂസർ ഫീ പിരിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ആൾ താമസം ഇല്ലാത്ത വീടുകളിലും മാലിന്യം ശേഖരിക്കാത്ത വീടുകളിലും നിന്നും നിർബന്ധിത പിരിവ് നടത്തുന്ന ഹരിതകർമ്മ സേനയുടെ നടപടി ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കേരള പഞ്ചായത്ത് രാജ്(ഭേദഗതി) നിയമം സെക്ഷൻ 219 AD (6), കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്ട് 326 D (6), എന്നിവ പ്രകാരം സർക്കാരിനോ അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി, |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയം ഭരണ സ്ഥാപനത്തിനോ ഏതെങ്കിലും മാലിന്യ ഉൽപ്പാദകനെ അല്ലെങ്കിൽ മാലിന്യ ഉൽപ്പാദകരുടെ ഗണത്തെ, അല്ലെങ്കിൽ ആളൊഴിഞ്ഞതോ ഒഴിഞ്ഞു കിടക്കുന്നതോ ആയ കെട്ടിടങ്ങളുടെ ഉടമകളെ അല്ലെങ്കിൽ കൈവശക്കാരെ യൂസർ ഫീസ് അടയ്ക്കുന്നതിൽ നിന്നും പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>കെട്ടിടം പൂട്ടിക്കിടക്കുന്നതായും ടി കെട്ടിടത്തിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്നില്ല എന്നുള്ള കെട്ടിടം ഉടമയുടെ സ്വയം സാക്ഷ്യപ്പെടുത്തലിന്റെയും തുടർന്നുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിശോധനയുടെയും അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിക്ക് യൂസർ ഫീ ഒഴിവാക്കി നൽകുന്നതിന് 13.12.2023-ലെ സ.ഉ.(സാധാ)നം. 2481/2023/തസ്വഭവ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ